ധാരാളം സ്ഥലങ്ങൾ കൊടുത്താൽ മാത്രമെ പുറവരമ്പുകെട്ടി കൃഷിചെയ്യാനും മറ്റും സാധിക്കുകയുള്ളൂ.

മി. ആദിച്ചൻ ഇവിടെ പറയുകയുണ്ടായി ഈ ബിൽ കൊണ്ടുവന്നതു് ഒരു പ്രത്യേക ഉദ്ദേശത്തിലാണെന്നു്. ഈ ബിൽ ആദ്യമായി തിരുവിതാംകൂറിൽ അവതരിപ്പിച്ചപ്പോൾ അതിൽ ഒരുദ്ദേശം വല്ലതും ഉണ്ടായിരുന്നോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. ഇപ്പോഴാണെങ്കിൽ ആ ബില്ലിലെ വ്യവസ്ഥകളും ഇവിടെ പകർത്തിട്ടുണ്ടെന്നല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. ചില നിയമങ്ങൾ കൊണ്ടുവരുമ്പോൾ അതിൽനിന്നും മുതലെടുക്കുവാനുള്ള സാഹചര്യങ്ങൾ ഇല്ലാതാകുമ്പോൾ ഇങ്ങനെയുള്ള ആരോപണങ്ങൾ എല്ലാം കൊണ്ടുവരിക സഹജമാണു്. അവശസമുദായത്തിൽപ്പെട്ട ആളുകൾക്കു് ഒരു വർഷം മുൻപു് അയ്യായിരത്തിൽ ചിലപ്പോൾ ഏക്കർ സ്ഥലം പതിച്ചുകൊടുക്കുന്നതിനു് നീക്കിവച്ചിട്ടുണ്ടു്. പിന്നീടു് അവശസമുദായക്കാരുടെ കൈവശമുള്ള ഭൂമികളിൽ നിരോധനക്കരാ, മറ്റുള്ളവരുടെ ഭൂമികളിലെപ്പോലെതന്നെ ഇടാക്കിവരുന്നുണ്ടെന്ന അഭിപ്രായം പറഞ്ഞു. സമീപകാലത്തുതന്നെ അവരുടെ നിരോധനക്കരം കുറവു് ചെയ്തിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: ഞാൻ ഈ വിവരം ഇപ്പോഴാണു് അറിയുന്നതു്. നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ പറയുകയില്ലായിരുന്നു. ഇതിനു് എനിക്കു് നന്ദിയുണ്ടു്.

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴത്തെ ഗവർമ്മെണ്ടു് പ്രൊസീഡിംഗ്സ് നോക്കിയിരുന്നുവെങ്കിൽ നേരത്തെ അറിയാമായിരുന്നു. പിന്നീടു് മി. ജ്ഞാനശിഖാമണി അഭിപ്രായപ്പെട്ടതു് ഇതിൽ അപ്പീലിനു് വ്യവസ്ഥയില്ലെന്നാണു്. രൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതനുസരിച്ചു് ഇവിടേയും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ഇതുവരെ യാതൊരു നിവേദനവും ലഭിച്ചിട്ടില്ല. രൂളിനും ഇപ്പോഴത്തെ ആക്ടിനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. എന്തായാലും ഇതിൽ കൂടുതൽ എനിക്കു് ഇതിനെക്കുറിച്ചു് പ്രസ്താവിക്കുവാനില്ല. ഇതും ഒരു സെലക്ടു് കമ്മിറ്റിക്കു് അയച്ചു് ഒരാഴ്ചക്കകം റിപ്പോർട്ടു വരുത്തണമെന്നാണു് എനിക്കു് അറിയിക്കുവാനുള്ളതു്.

**Sri. D. Gnanasigamoni:** Is there any Act where this right to appeal has been provided in the rules other than in the main body of the Act?

ശ്രീ. എ. ജെ. ജോൺ. ഈ ആക്ടിൽ ഇപ്പോൾ ഇങ്ങനെ ഒന്നു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് പറയത്തക്ക ദോഷം ഒന്നും ഇല്ല.

*The motion that the bill may be referred to a Select Committee was put and carried*

## The Travancore-Cochin Revenue Enquiries and Summons Bill

*Minister for Finance and Revenue:* **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Revenue Enquiries and Summons Bill.

*Chief Minister:* **(Sri. T. K. Narayana Pillai):** I second it.

**Mr. Speaker:** The Bill is introduced.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ബില്ലിനെപ്പറ്റിയും എനിക്കു് വിശേഷിച്ചൊന്നും പറയുവാനില്ല. തിരുവിതാംകൂറിൽ റവന്യു സമൻസ് ആക്ടു് തിരുവിതാംകൂറിലെ ആയിരത്തി അഞ്ഞൂറ്റിമുന്നിലെ അഞ്ചാം ആക്ടു് എന്നു് ഒരു ആക്ടു് ഉണ്ടു്. അതു് ഇപ്പോൾ നടപ്പിൽ ഇരിക്കുകയാണു്. കൊച്ചിൻ റവന്യു എൻക്വയറി ആക്ടു് അതായതു് ൧൦൭൮-ലെ ഒന്നാം ആക്ടു് ഇപ്പോഴും നില

LIBRARY ARCHIVES Kerala Legislative Assembly

[Sri A. J. John]

വിലിരിക്കുന്നു. ഈ രണ്ടു ആക്ട്കളും ഒരുപോലെ ആക്കി രണ്ടു സംസ്ഥാനങ്ങളിലേക്കും ഒരുപോലെ ബാധിക്കുന്ന വിധത്തിൽ ഏകീകരിക്കണമെന്നാണ് ഇതിന്റെ ഉദ്ദേശം. കൊച്ചിൻ ആക്ടിലെ വ്യവസ്ഥകളും തിരുവിതാംകൂർ ആക്ടിലെ വ്യവസ്ഥകളും ചേർത്താണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലും ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സെലക്ട് കമ്മിറ്റിയിലെ മെമ്പറന്മാർ.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള
,, നീലകണ്ഠരു പണ്ടാരത്തിൽ
,, ലോപ്പസ്
,, കെ. രാമകൃഷ്ണപിള്ള
,, പി. കെ. ഡീവർ
,, സബാസ്റ്റ്യൻ തോപ്പിൽ

ഇവർ ആയിരിക്കുന്നതാണ്. കോറം നാല്. ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

*The motion that the Bill be referred accordingly to a Select Committee consisting of the above mentioned members was put and carried.*

## The Travancore-Cochin Revenue Recovery Bill

*Minister for Finance and Revenue:* **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Revenue Recovery Bill.

*Chief Minister:* **(Sri. T. K. Narayana Pillai):** I second it.

**Mr. Speaker:** The Bill is introduced.

ശ്രീ. എ. ജെ. ജോൺ: ഈ ബില്ലും ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നാണ് എന്റെ അഭിപ്രായം. കുടിശ്ശിക റവന്യൂ ഈടാക്കുന്നതിനു തിരുവിതാംകൂറിൽ 1070-ലെ ഒന്നാം ആക്ട്ടും കൊച്ചിയിൽ 1076-ലെ നാലാം ആക്ടായ കൊച്ചിൻ റവന്യൂ റിക്കവറി ആക്ട്ടും ആണുള്ളത്. റിക്കവറി ഈടാക്കുന്ന മാർഗ്ഗങ്ങളിൽ ചില വ്യത്യാസങ്ങളും ഉണ്ട്. തിരുവിതാംകൂറിൽ റവന്യൂ കുടിശ്ശിക വരുകയാണെങ്കിൽ ജപ്തിചെയ്ത വസ്തു ലേലത്തിൽ വിറ്റാൽ മാത്രമേ തുക ഈടാക്കുകയുള്ളൂ. കൊച്ചിയിൽ ഈ വ്യവസ്ഥയ്ക്കുപുറമെ നടപ്പാട്ടക്കാരനെ എൽപ്പിക്കുക എന്നൊരു വ്യവസ്ഥകൂടി ഉണ്ട്. വസ്തു ജപ്തിചെയ്തതിനുശേഷം ആ നടപ്പാട്ടക്കാരന്റെ കൈവശത്തിൽ എൽപ്പിക്കുകയും ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ വസ്തു ഉടമസ്ഥൻ കുടിശ്ശിക കൊടുത്തു തീർക്കുകയാണെങ്കിൽ ആ വസ്തു തിരിയെ ഉടമസ്ഥനു നൽകുകയും ചെയ്യുന്നതാണ്. കളക്ട്ർക്ക് നടപ്പാട്ടക്കാരൻ എത്രമാസംവരെ കൈവശം വച്ചുകൊണ്ടിരിക്കാമെന്ന് അധികാരപ്പെടുത്തുകയുംചെയ്യാം. കാലാവധിക്കകം ഉടമസ്ഥൻ കുടിശ്ശിക അടക്കുകയാണെങ്കിൽ ഉടമസ്ഥനു വസ്തു തിരികെ കിട്ടുന്നതാണ്. അതുകൊണ്ട് വസ്തു ലേലം ചെയ്യാതെതന്നെ സർക്കാരിനു കുടിശ്ശിക ഈടാക്കുകയും ഉടമസ്ഥനു വസ്തു നഷ്ടപ്പെടാതെ ഇരിക്കുകയുംചെയ്യുന്നതാണ്.

അങ്ങനെ നടപ്പാട്ടക്കാരനെ ഏൽപ്പിക്കുന്ന സന്ദർഭത്തിൽ സർക്കാരിനു കിട്ടേണ്ട കുടിശ്ശിക മുഴുവൻ ആ നടപ്പാട്ടക്കാരൻ അടച്ചുതീർക്കും. അങ്ങനെയാണ് കൊച്ചിയിലെ നിയമത്തിൽ വ്യവസ്ഥയുള്ളത്. ആ വ്യവസ്ഥകൂടി ഇതിൽ ചേർത്തിട്ടുണ്ട്. ഇതുമാത്രമാണ് പറയത്തക്കതായി ചെയ്തിട്ടുള്ള വ്യത്യാസം.

LIBRARY ARCHIVES Kerala Legislative Assembly